# വി.ടി. ഭട്ടതിരിപ്പാട് വെറും സമുദായ പരിഷ്ക്കർത്താവല്ല

ജനിച്ചു വളർന്ന സമുദായത്തിലെ അഴുക്കുകളെ കഴുകി വൃത്തിയാക്കാൻ പെടാപാട് പെട്ടിട്ടുള്ള ഒരാളാണ് വി.ടി. എങ്കിലും അദ്ദേഹം നമ്പൂതിരി സമുദായത്തെ മാത്രമല്ല മനുഷ്യ സമുദായത്തെ മുഴുവനുമാണ് തന്റെ കർമം കൊണ്ടു ശുദ്ധിയാക്കാൻ ശ്രമിച്ചത്. സമുദായം എന്നു പറയുമ്പോൾ ഈ വിശാലാർത്ഥം പലപ്പോഴും നഷ്ടപ്പെടാറുണ്ട്. അതാണ് ഇങ്ങനെ ഒരു തലവാചകം വന്നത്.

വി.ടിയെ സമുദായത്തിന്റെ കള്ളികളിൽ തളച്ചിടാൻ ശ്രമിക്കുന്നവർ മറ

## മുൻവിധികളേ വിട – 6

### സി.എ.ഡേവീസ്

ച്ചുവയ്ക്കുന്നതും, വിപ്ലവകാരിയായി കാണാൻ മടിക്കുന്നവർ കാണാത്തതുമായ വി.ടി. ഇതാ ഈ വരികളിലുണ്ട്.

''ഞാനും നിങ്ങളും എന്റെ വീട്ടിലുള്ളവരും ഒരുമിച്ചിരുന്ന്, ഈ നാടിന്റെ നന്മയ്ക്ക്, ഇവിടെ എന്തുവേണം, കഷ്ടപ്പെടുന്നത് ആര്, ആര് നന്നവാണം എന്ന സമീപനത്തിലൂടെ, മനുഷ്യസ്നേഹപരമായ കാഴ്ചപ്പാടോടെ ഈ അനീതിയും അക്രമവും എന്നവസാനിപ്പിക്കും അന്നേ ഞാൻ മരിക്കുകയുള്ളൂ – എന്റെ ആഗ്രഹം അതാണ്''..